# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 465 | 29.01.2019 - ൽ മറുപടിക്ക് |
|---|---|

## പ്രളയാനന്തര പുനർനിർമ്മാണം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. കെ.ജെ. മാക്സി : | | ഡോ.ടി.എം.തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | കഴിഞ്ഞ ജി.എസ്.ടി കൗൺസിൽ, സംസ്ഥാനത്തുണ്ടായ പ്രളയം കണക്കാക്കി പ്രളയാനന്തര പുനർനിർമ്മാണത്തിനായി എന്തെല്ലാം തീരുമാനങ്ങൾ കൈക്കൊണ്ടുവെന്ന് വ്യക്തമാക്കുമോ; | (എ) | 32-ാം ജി.എസ്.ടി കൗൺസിലിന്റെ തീരുമാനപ്രകാരം പ്രളയാനന്തര പുനർനിർമാണത്തിന് അധിക വിഭവസമാഹരണം നടത്തുന്നതിനായി സംസ്ഥാനത്തിന് എല്ലാ നികുതിവിധേയമായ ചരക്കുകളെയും സേവനങ്ങളുടെയും പുറത്തുള്ള സംസ്ഥാനചരക്കുസേവനനികുതിക്കു പുറമേ 1% ൽ കൂടാത്ത നികുതി സെസ്സായി ഏർപ്പെടുത്താൻ അനുമതി നൽകിയിട്ടുണ്ട്. ഇതുപ്രകാരം, 2 വർഷക്കാലത്തേക്ക് സംസ്ഥാനത്തിന് ഈ രീതിയിൽ തുക സമാഹരിക്കാവുന്നതാണ്. |
| (ബി) | സംസ്ഥാനത്തിന് ലഭ്യമാകുന്ന ജി.എസ്.ടി. നഷ്ടപരിഹാരം എന്തെല്ലാമെന്നും രാജ്യാന്തര വായ്പയെടുക്കാൻ ജി.എസ്.ടി കൗൺസിലും കേന്ദ്ര സർക്കാരും എന്തെല്ലാം അനുമതികൾ നല്കിയെന്നും വ്യക്തമാക്കുമോ; | (ബി), (സി) & (ഡി) | പാർലമെന്റ് പാസാക്കിയ ജി.എസ്.ടി കോമ്പൻസേഷൻ നിയമത്തിന്റെ അടിസ്ഥാനത്തിൽ ജി.എസ്.ടി യിൽ ലയിപ്പിച്ച നികുതികളുടെ 2015-16 ധനകാര്യ വർഷത്തെ നികുതിപിരിവിന്റെ അടിസ്ഥാനത്തിൽ വാർഷികമായി 14% വർദ്ധനവ് കണക്കാക്കി 2017- 18 ൽ പ്രതിമാസം സംസ്ഥാനത്തിന് കിട്ടേണ്ട ജി.എസ്.ടി നികുതി 1822 കോടിയായി നിശ്ചയിച്ചിട്ടുണ്ട്. ഇത് 2018-19 ൽ 2077 കോടി രൂപയാണ്. സംസ്ഥാനത്തിന് കിട്ടുന്ന സംസ്ഥാന |
| (സി) | പ്രസ്തുത അനുമതികളോടെ, പ്രളയാനന്തര പുനർ നിർമ്മാണത്തിനായി രാജ്യാന്തര വായ്പ ഉൾപ്പെടെ മറ്റു വായ്പകൾ എത്ര തുക വേണ്ടി വരുമെന്ന് കണക്കാക്കിയിട്ടുണ്ടോ; | | |

| | | | |
|---|---|---|---|
| (ഡി) | എങ്കിൽ എത്ര തുകയുടെ വായ്പ ഏതെല്ലാം മേഖലകളിൽ നിന്നും എടുക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | | ചരക്കുസേവനനികുതി, ഇത്തരം നികുതിയടയ്ക്കുവാനുപയോഗിക്കുന്ന ഐ.ജി.എസ്.ടി ക്രെഡിറ്റ്, അതാത് മാസങ്ങളിൽ ലഭ്യമാകുന്ന പഴയ അസസ്സ്മെന്റുമായി ബന്ധപ്പെട്ട വാറ്റ് നികുതി എന്നിവ പരിഗണിച്ച് മേല്പറഞ്ഞ തുകയുമായി താരതമ്യം ചെയ്ത് ഇതിൽ കുറവുണ്ടാകുന്ന തുക ദ്വൈമാസമായി കേന്ദ്രം നഷ്ടപരിഹാരമായി നൽകുന്നതാണ്. വായ്പയിനത്തിൽ ലോകബാങ്ക് / ADB / KFW എന്നിവയിൽ നിന്നും 7200 കോടി രൂപയും, RIDF-ൽ നിന്നും 400 കോടി രൂപയും, NIDA-യിൽ നിന്നും 2500 കോടി രൂപയും, HUDCO-യിൽ നിന്നും 1300 കോടി രൂപയും സ്വരൂപിക്കുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. കൂടാതെ സംസ്ഥാനത്ത് വിൽക്കപ്പെടുന്ന ചരക്ക് സേവനങ്ങൾക്കുമേൽ ചുമത്തുന്ന ജി.എസ്.ടി.-യ്ക്ക് മേൽ സെസ്സ് ഏർപ്പെടുത്തുന്നതിലൂടെ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്ന 600 കോടി രൂപയും പ്രളയാനന്തര പുനർനിർമ്മാണത്തിനായി കണ്ടെത്തുവാൻ സർക്കാർ ഉദ്ദേശിക്കുന്നു. |

**സെക്ഷൻ ഓഫീസർ**